**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **10-08-2023 - ൽ മറുപടിയ്ക്ക്**

**അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാതാപിതാക്കൾ മരണപ്പെട്ടതിനെ തുടർന്ന് അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | **ഉണ്ട്. പട്ടികവർഗ വിഭാഗത്തിലെ അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന "കൈത്താങ്ങ് പദ്ധതി" നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിൽ കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ 2000/- രൂപ പ്രതിമാസാനുകൂല്യമായി അനുവദിച്ചുവരുന്നു. 2022-23 ൽ 502 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചു.** |
| (ബി) | ആയതിന് പദ്ധതി നിലവിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | **ഉണ്ട്. പട്ടികവർഗ വിഭാഗത്തിലെ അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന "കൈത്താങ്ങ് പദ്ധതി" നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിൽ കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ 2000/- രൂപ പ്രതിമാസാനുകൂല്യമായി അനുവദിച്ചുവരുന്നു. 2022-23 ൽ 502 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചു.** |

സെക്ഷൻ ഓഫീസർ